**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **08-12-2022 - ൽ മറുപടിയ്ക്ക്**

**ബി.പി.സി.എൽ.-ന് വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.സി.എൽ.-ൽ കൊച്ചി റിഫൈനറിയുടെ മോട്ടോർ ബ്ലോക്ക് പ്രോജക്ടിന് വേണ്ടി ഏറ്റെടുക്കുന്ന പുറമ്പോക്ക് ഭൂമിയ്ക്ക് ബി.പി.സി.എൽ. ൽ നിന്ന് വില ഈടാക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ മോട്ടോർ സ്പിരിറ്റ് ബ്ലോക്ക് പ്രോജക്ടിന് വേണ്ടി ജി.ഒ.(ആർ.ടി) 1595/17/ആർ.ഡി. നമ്പർ ഉത്തരവിലൂടെ ഏറ്റെടുത്ത ഭൂമിക്കിടയിൽ അവിടവിടെയായി കിടക്കുന്ന കുന്നത്തുനാട് താലൂക്ക് പുത്തൻകുരിശ് വില്ലേജിൽ 39-ാം ബ്ലോക്കിൽപെട്ടുന്ന 7.27.42 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയ്ക്കാണ് കമ്പനി പട്ടയം കിട്ടുന്നതിനായി അപേക്ഷിച്ചിരുന്നത്. അപേക്ഷ പ്രകാരമുള്ള 727.42 ആറിൽ 4 കക്ഷികൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിലുൾപ്പെട്ട 140.87 ആർ സ്ഥലം കിഴിച്ച് 586.55 ആർ സ്ഥലത്തിനു മാത്രമേ നിലവിൽ ബി.പി.സി.എൽ കൊച്ചി റിഫൈനറിയുടെ പേരിൽ പതിച്ച് പട്ടയം നൽകേണ്ടതായിട്ടുള്ളൂ. കേസ്സുകളിൽ ഉൾപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(c) No. 11949/19, WP(c) No. 12898/19, WP(c) No. 12291/19, WP(c) No. 16992/19 എന്നീ കേസുകളിൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി നടപടി സ്വീകരിക്കാവുന്നതുമാണ്.<br><br>586.55 ആർ വിസ്തീർണ്ണം വരുന്ന ഭൂമിയുടെ വില നിശ്ചയിച്ച് നല്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വില നിശ്ചയിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ കുടുംബങ്ങൾക്ക് ആർ ആന്റ് ആർ (റീ സെറ്റിൽമെൻറ് & റീഹാബിലിറ്റേഷൻ) പാക്കേജ് പ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ മോട്ടോർ സ്പിരിറ്റ് ബ്ലോക്ക് പ്രോജക്ടിന് വേണ്ടി ജി.ഒ.(ആർ.ടി) 1595/17/ആർ.ഡി. നമ്പർ ഉത്തരവിലൂടെ ഏറ്റെടുത്ത ഭൂമിക്കിടയിൽ അവിടവിടെയായി കിടക്കുന്ന കുന്നത്തുനാട് താലൂക്ക് പുത്തൻകുരിശ് വില്ലേജിൽ 39-ാം ബ്ലോക്കിൽപെട്ടുന്ന 7.27.42 ഹെക്ടർ സർക്കാർ |

| | | | |
|---|---|---|---|
| | | | പുറമ്പോക്ക് ഭൂമിയ്ക്കാണ് കമ്പനി പട്ടയം കിട്ടുന്നതിനായി അപേക്ഷിച്ചിരുന്നത്. അപേക്ഷ പ്രകാരമുള്ള 727.42 ആറിൽ 4 കക്ഷികൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിലുൾപ്പെട്ട 140.87 ആർ സ്ഥലം കിഴിച്ച് 586.55 ആർ സ്ഥലത്തിനു മാത്രമേ നിലവിൽ ബി.പി.സി.എൽ കൊച്ചി റിഫൈനറിയുടെ പേരിൽ പതിച്ച് പട്ടയം നൽകേണ്ടതായിട്ടുള്ളൂ. കേസ്സുകളിൽ ഉൾപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(c) No. 11949/19, WP(c) No. 12898/19, WP(c) No. 12291/19, WP(c) No. 16992/19 എന്നീ കേസുകളിൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി നടപടി സ്വീകരിക്കാവുന്നതുമാണ്.<br><br>586.55 ആർ വിസ്തീർണ്ണം വരുന്ന ഭൂമിയുടെ വില നിശ്ചയിച്ച് നല്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വില നിശ്ചയിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ